എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി :11/07/2022
ഫോൺ: 0471-2318896
E mail ID:duatvpm@gmail.com

## ലേല പരസ്യം

തിരുവനന്തപുരം നന്തൻകോഡ് സ്വരാജ് ഭവൻ ബിൽഡിംഗ് ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി(അർബൻ) ആസ്ഥാന ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും, ഓഫീസിന് ഉപയോഗം ഇല്ലാത്തതുമായ ചുവടെ ചേർത്തിട്ടുള്ള വുഡൻ ഫർണിച്ചറുകൾ **21/07/2022** ന് വൈകുന്നേരം 4.00 മണിക്ക് എൽ.എസ്.ജി.ഡി(അർബൻ) ആസ്ഥാന ഓഫീസിൽ വച്ച് പരസ്യമായി ലേലം ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

| ക്രമ.നം | ഇനം | എണ്ണം |
|---|---|---|
| 1 | തടിമേശ(മീഡിയം ) | 6 |
| 2 | തടിമേശ( ചെറുത് ) | 1 |
| 3 | തടിമേശ(വലുത് ) | 1 |
| 4 | തടി അലമാര (മീഡിയം ) | 2 |
| 5 | തടി അലമാര ( ചെറുത്) | 1 |
| 6 | Name board ( വലുത് ) | 1 |
| 7 | Name board ( ചെറുത്) | 2 |
| 8 | സ്റ്റീൽ കസേര (കുഷൻ ) | 8 |
| 9 | സ്റ്റീൽ കസേര | 1 |
| 10 | തടി കസേര | 4 |
| 11 | വാട്ടർ കൂളർ | 1 |
| 12 | FIRE EXTINGUISHER | 1 |
| 13 | ബോർഡ് രാക്ക് | 1 |
| | EMD Rs. - 1000 /- | |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മേൽ സമയത്തിന് മുമ്പായി ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. കൂടാതെ ഇതിലേയ്ക്ക് സീൽ ചെയ്ത ദർഘാസ്സു കളും സ്വീകരിക്കുന്നതാണ് . ദർഘാസുകൾ എൽ.എസ്.ജി.ഡി(അർബൻ) ഡയറക്ടർക്ക് 21/07/2022 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ നൽകാവുന്നതാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം അടച്ച രസീത് ഉണ്ടായിരിക്കണം.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിലോ,ക്വട്ടേഷനിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തുന്നത് ആ ആളിന് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതും ടിയാൻ ലേല സംഖ്യയുടെ പകുതിയും മൊത്തം തുകയുടെ GST യും, അപ്പോൾ തന്നെ അടക്കേണ്ടതും, ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് ലഭിച്ചാലുടൻ ബാക്കി തുക അടച്ച് എൽ.എസ്.ജി.ഡി (അർബൻ) ആസ്ഥാന ഓഫീസിൽ നിന്നും ലേലം കൊണ്ട സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തിരികെ നൽകുന്നതാണ്.

മേല്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ട സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന ഫർണിച്ചറുകൾ ലേലത്തിന് തൊട്ടുമുന്പുള്ള 2 പ്രവൃത്തി ദിവസങ്ങളിൽ 11 മണി മുതൽ 400 മണി വരെയുള്ള സമയത്ത് എൽ.എസ്.ജി.ഡ് (അർബൻ) ഡയറക്ടറേറ്റിലെ ബന്ധപ്പെട്ടവരുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ലേലം മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം എൽ.എസ്.ഡി (അർബൻ) മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ

Signature valid
Digitally signed by ARUN K VIJAYAN
Date: 2022.07.[illegible] 10:54:25 IST
Reason: Approved
Location: THRISSUR

**എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടർ**

1) സ്വരാജ് ഭവൻ നോട്ടീസ് ബോർഡ് (എല്ലാ ഓഫീസുകളിലും )
2) വെബ്സൈറ്റ്
3) പബ്ലിക് ഓഫീസ്
4) വികാസ് ഭവൻ (എസ്റ്റേറ്റ് ഓഫീസർ )
5) തിരുവനന്തപുരം നഗരസഭ (നോട്ടീസ് ബോർഡ് )